Day 81 of 90 days ✝✝✝ 14th January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ആകാശത്തുനിന്നും തീ ഇറക്കി യഹോവ തന്നെ ദൈവം എന്നു തെളിയിക്കുകയും കള്ളപ്രവാചകന്മാരെ ഒന്നൊഴിയാതെ കൊന്നൊടുക്കുകയും ചെയ്ത ഏലിയാവ്–ഇപ്പോൾ ഇതാ, ഉള്ളിൽ ആത്മാവ് തളർന്ന് വീണു കിടക്കുന്ന അവസ്ഥയിൽ, ശരീരം കൂടെ തളർന്നവനായി മരുഭൂമിയിലെ ഒരു ചൂരചെടിയുടെ തണലിൽ കിടക്കുന്നു. 1 രാജാക്കന്മാർ 19–ാം അദ്ധ്യായത്തിൽ കാണപ്പെടുന്ന ഈ ചിത്രം നമ്മെ ശക്തിയായി തട്ടി ഉണർത്തുവാൻ തികച്ചും പര്യാപ്തമാണെന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ ശക്തിയാൽ സകല എതിർ ശക്തികളെയും ജയിച്ചു നശിപ്പിച്ചനന്തരം ആത്മശക്തിയാൽ ആഹാബിന്റെ രഥത്തിനു മുൻപായി ഓടിപ്പോകുന്ന വീരപുരുഷനെയാണ് അന്ധകാരശക്തികൾ തലേദിവസം ദർശിച്ചത്. ആ കാഴ്ചയുടെ മുമ്പിൽ സാത്താനും ലോകവും കിടുകിടാ വിറച്ചിരിക്കാം. അടുത്ത് അവൻ എന്തായിരിക്കും ചെയ്യുവാൻ പോകുന്നതെന്ന ഭീതിയും ശങ്കയും പാതാളഗോപുരങ്ങളെ മുഴുവൻ ബാധിച്ചിരിക്കാം. പക്ഷെ ആർക്കും – സാത്താനുപോലും – വിശ്വസിക്കുവാൻ പ്രയാസമുള്ള കാഴ്ചയാണ് ഇന്ന് കാണപ്പെടുന്നത്. എല്ലാവരും കാൺകെ തലയുയർത്തി പിടിച്ചുകൊണ്ട് ജേതാവിനെപ്പോലെ ഇന്നലെ നടന്ന ഏലിയാവ് ഇന്ന് ആരും കാണാതെ തലയും കുനിച്ച് പരാജിതനെപ്പോലെ ഓടിപ്പോകുകയാണ്. ഇന്നലെ അവൻ കാർമ്മേൽ പർവ്വതത്തിലേക്കാണ് കയറിപ്പോയതെങ്കിൽ, ഇന്ന് മരുഭൂമിയിലേക്കാണ് ഓടുന്നത്. ക്ഷീണിതനും നിരാശനും മരിപ്പാൻ കൊതിക്കുന്നവനുമായി, ഉള്ളിൽ ആത്മാവ് ക്ഷീണിച്ച് വീണു കിടക്കുന്നവനായി ആ ചൂരചെടിയുടെ ചുവട്ടിൽ കിടക്കുന്ന ഏലിയാവിനെ തന്റെ ഇടയനായ യഹോവ കണ്ടു. ഇത്രയെല്ലാം ചെയ്ത ശേഷം തനിയെ നിൽപാൻ കഴിയാത്ത അവൻ പോകട്ടെ എന്നു പറഞ്ഞു തള്ളുവാൻ ആ ഇടയന് സാധിച്ചില്ല. ഇടയൻ തന്റെ ദൂതനെ ചൂടുള്ള അടയുമായി അവന്റെ അടുക്കലേക്ക് അയച്ചു. ആ ദൂതൻ അവനെ തട്ടി ഉണർത്തിയിട്ടു പറഞ്ഞു, എഴുന്നേൽക്കുക, തിന്നുക. അവൻ എഴുന്നേററു, അതാ കനലിൽ ചുട്ട അടയും തുരുത്തിയിൽ വെള്ളവും. ദാവീദിന്റെ ഭാഷയിൽ പറഞ്ഞാൽ, പച്ചപുൽപുറവും നിശ്ചലജലവും. അവൻ എഴുന്നേററു, തിന്നു, കുടിച്ചു. ദൈവം തന്നെ ഏൽപ്പിച്ച വേല മുഴുവൻ അവൻ തികയ്ക്കുകയും ചെയ്തു. ആ ചൂര ചെടിയുടെ കീഴിൽ നിന്നും എഴുന്നേററു പോകുന്ന ഏലിയാവിന് എന്താണ് നമ്മോട് പറയുവാനുള്ളത്, എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിച്ചിരിക്കുന്നു. വീണു കിടക്കുന്ന എന്റെ ആത്മാവിനെ അവൻ പുനഃസ്ഥാപിച്ചിരിക്കുന്നു. അതാ നമ്മുടെ ഇടയൻ നമ്മുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു. അവന്റെ മുഖത്തേക്ക് നോക്കുക. അവൻ നമ്മോട് പറയുന്നു, എഴുന്നേൽക്കുക, ആത്മാവിൽ ബലപ്പെടുക, ശക്തി പ്രാപിക്കുക. തല ഉയർത്തിപ്പിടിച്ച് മുന്നോട്ടു നീങ്ങുക. എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുന്നു.

തുടരും…